# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 419 – 03/03/2020 - ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ


ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക വക കൊള്ളിച്ചിട്ടുണ്ട്; ഈ ഇനത്തിൽ നടപ്പ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും എത്ര തുക റിലീസ് ചെയ്തുകിട്ടിയെന്ന് അറിയിക്കുമോ; | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2019-20 സാമ്പത്തിക വർഷം 9172.17 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പി.എഫ്.എം.എസ് വെബ് പോർട്ടലിലെ 28/02/2020-ലെ കണക്കുകൾ പ്രകാരം, വിവിധ കേന്ദ്രാവിഷ്കൃത/ കേന്ദ്രപദ്ധതികൾക്കായി സംസ്ഥാനത്തിന്റെ സഞ്ചിത നിധി വഴി 3017.76 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ 10 വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതി തുക ബഡ്ജറ്റിൽ വക കൊള്ളിച്ചതും കേന്ദ്രത്തിൽ നിന്നും റിലീസ് ചെയ്ത് കിട്ടിയതിന്റെയും വിവരം ലഭ്യമാക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കഴിഞ്ഞ 10 വർഷത്തെ ബജറ്റ് വകയിരുത്തലിന്റെയും കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

*(തുക കോടിയിൽ)*

| വർഷം | ബജറ്റ് വകയിരുത്തൽ | കേന്ദ്ര റിലീസ് കിട്ടിയത് |
|---|---|---|
| 2009-10 | 882.90 | 612.61 |
| 2010-11 | 1240.85 | 772.33 |
| 2011-12 | 1214.08 | 1371.50 |
| 2012-13 | 2196.60 | 1200.61 |
| 2013-14 | 2643.19 | 1304.58 |
| 2014-15 | 2733.53 | 3969.02 |
| 2015-16 | 7686.32 | 3684.10 |
| 2016-17 | 6534.17 | 3101.49 |
| 2017-18 | 8038.95 | 3268.36 |
| 2018-19 | 8097.99 | 3770.11 |

| | | |
|---|---|---|
| (സി) | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റീസ് ഏതിനെല്ലാമാണ് ഉയർത്തിയത്; വ്യക്തമാക്കുമോ? | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.<br>ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.<br>**കോർ ഓഫ് ദ കോർ ഗണം:** ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.<br>**കോർ ഗണം:** ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.<br>**ഓപ്ഷണൽ ഗണം:** ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. |

**സെക്ഷൻ ഓഫീസർ**